**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326** **13-09-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ഐസോലേഷൻ വാർഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ ആരോഗ്യകേന്ദ്രത്തോട് അനുബന്ധിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 26.07.2021 ലെ സ.ഉ (ആർ.റ്റി) 1555/2021/ ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കോട്ടക്കൽ മണ്ഡലത്തിൽ നിന്നും വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലമോ മറ്റ് അനുബന്ധ സൗകര്യങ്ങളോ ലഭ്യമല്ലാത്തതിനാൽ പ്രാരംഭഘട്ടത്തിൽ ഈ സ്ഥാപനത്തെ ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിക്കാൻ കഴിഞ്ഞില്ല. ഇതിനെത്തുടർന്ന് പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസോലേഷൻ സംവിധാനത്തിനായി സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച തുടർനടപടികളുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ; | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; ആയതിനായി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ